# നന്മയുടെ കവാടങ്ങൾ

## ﴿ صنائع المعروف تقي مصارع السوء ﴾

[ Malayalam – മലയാളം – مليالم ]


ദാറുൽ വത്വൻ, റിയാദ്

قسم العلمي بدار الوطن، الرياض

مترجم: محمد كبير سلفي

مراجعة: سيد سعفر صادق مديني

വിവർത്തനം: മുഹമ്മദ് കബീർ സലഫി



കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്

റബ്‌വ – റിയാദ് – സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بربوة

الرياض ، المملكة العربية السعودية

islamhouse.com

1431– 2010

ഏകനായ അല്ലാഹുവിന് സ്തുതി.
അന്തിമ ദൂതനിലും, അവിടുത്തെ കുടുംബത്തിലും,
അനുചരന്മാരിലും വിചാരണ നാളോളം സമാധാനവും
ശാന്തിയുമുണ്ടാകട്ടെ.

ഇസ്ലാമിൽ നന്മയുടെ കവാടങ്ങൾ നിരവധിയാണ്. പുണ്യം കരസ്ഥമാക്കാനുതകുന്ന മാർഗങ്ങളാൽ സമൃദ്ധമാണ് ഇസ്ലാം. സത്യവിശ്വാസികൾ പ്രസ്തുത മാർഗങ്ങൾ കണ്ടെത്തി അതിലൂടെ സഞ്ചരിക്കാൻ ധൃതികാട്ടേണ്ടവരാണ്. പരലോകത്ത് സ്വർഗ പ്രാപ്തിയേകുന്ന സൽകർമ്മങ്ങളെ ചെറുതെന്നൊ, വലുതെന്നൊ നോക്കാതെ ജീവിതത്തിലുൾക്കൊള്ളാനായാൽ വലിയ സൗഭാഗ്യമാണത്. അല്ലാഹുവിനോടുള്ള ബാധ്യതകൾ പ്രവാചക തിരുമേനി(ﷺ)യുടെ സുന്നത്തിനനുസരിച്ച് കണിശമായും നിർവഹിക്കുന്ന ഒരു സത്യവിശ്വാസി തന്റെ സഹചരന്മാരോട് നിവൃത്തിക്കേണ്ട ധർമ്മങ്ങളെപ്പറ്റിയും ബോധവാനായിരിക്കണം. എന്തുകൊണ്ടെന്നാൽ നമ്മുടെ തുലാസിൽ ഘനം തൂക്കുന്ന പുണ്യകർമ്മങ്ങൾ ആ മേഖലയിലെമ്പാടുമുണ്ട്. അല്ലാഹുവും പ്രവാചക തിരുമേനി(ﷺ)യും അതു സംബന്ധമായി കൃത്യമായ നിർദ്ദേശങ്ങൾ നമ്മെ പഠിപ്പിച്ചിട്ടുണ്ട്.

ജനങ്ങളുടെ ആവശ്യങ്ങളറിഞ്ഞ് അവ നിവൃത്തിച്ചുകൊടുക്കുക, സമസൃഷ്ടികളോട് കരുണ കാണിക്കുക, അവരുടെ പ്രയാസങ്ങളകറ്റാൻ സഹായകമായ പ്രവർത്തനങ്ങളിലേർപ്പെടുക, മുസ്ലിംകളെ ബാധിക്കുന്ന വിപത്തുകളിൽ ആശ്വാസം പകർന്ന് നിലകൊള്ളുക തുടങ്ങിയ ഒട്ടേറെ കാര്യങ്ങൾ മുഅ്മിനുകൾ പ്രാധാന്യപൂർവ്വം പരിഗണിക്കേണ്ട പുണ്യകർമ്മങ്ങളാണ്. മനുഷ്യർക്ക് നന്മകൾ ചെയ്ത് നിലകൊള്ളുമ്പോൾ അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യവും പാപമോചനവും വന്നുകിട്ടും. പരലോകത്ത് വിജയിക്കാനാവുകയും ചെയ്യും. അല്ലാഹു പറയുന്നു:

يَا أَيُّهَا الَّذِينَ آمَنُوا ارْكَعُوا وَاسْجُدُوا وَاعْبُدُوا رَبَّكُمْ وَافْعَلُوا الْخَيْرَ لَعَلَّكُمْ تُفْلِحُونَ (سورة الحج : 77)

സത്യവിശ്വാസികളേ, നിങ്ങൾ കുമ്പിടുകയും, സാഷ്ടാംഗം ചെയ്യുകയും, നിങ്ങളുടെ രക്ഷിതാവിനെ ആരാധിക്കുകയും, നൻമ പ്രവർത്തിക്കുകയും ചെയ്യുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം. (ഹജ്ജ്: 77)

സഹജീവികളുടെ ആവശ്യങ്ങൾ നിർവഹിച്ചു കൊടുക്കുന്നതിന് പ്രോത്സാഹനം നൽകിക്കൊണ്ടുള്ള പ്രവാചകമൊഴികൾ ധാരാളമുണ്ട്.

അബൂ ഹുറയ്റ(ﷺ)നിവേദനം. നബി(ﷺ) അരുളി: ഒരു മുഅ്മിനിന്റെ ഭൗതികക്ലേശങ്ങളെ അകറ്റുന്നവന്ന്, അല്ലാഹു പാരത്രികക്ലേശങ്ങളെ അകറ്റിക്കൊടുക്കുന്നതാണ്. പ്രയാസപ്പെടുന്നവർക്ക് സൗകര്യങ്ങളൊരുക്കിക്കൊടുക്കുന്നവന്ന് ഇഹലോകത്തും പരലോകത്തും അല്ലാഹു സൗകര്യമൊരുക്കി ക്കൊടുക്കുന്നതാണ്. ഒരു മുസ്‌ലിമിന്റെ പോരായ്മകൾ മറച്ചു വെക്കുന്നവന്റെ പോരായ്മകൾ അല്ലാഹു ഇഹലോകത്തും പരലോകത്തും മറച്ചുവെക്കുന്നതാണ്. സ്വന്തം സഹോദരന്റെ സഹായിയായി നിലകൊള്ളുന്ന ദാസനോടൊപ്പം അല്ലാഹുവും സഹായിയായി നിലകൊള്ളുന്നതാണ്... (മുസ്‌ലിം)

ഈ പ്രവാചക വചനത്തെ വിശദീകരിച്ച് കൊണ്ട് ഇമാം നവവി (ﷺ)എഴുതി : മുസ്‌ലിംകളുടെ ആവശ്യങ്ങൾ നിവൃത്തിച്ച് നൽകുക, വിജ്ഞാനം, ധനം, വിഭവം, നിർദ്ദേശം, ഉപദേശം തുടങ്ങിയവയിൽ നിന്ന് കഴിയുന്ന ഉപകാരങ്ങൾ അവർക്കു വേണ്ടി ചെയ്തു കൊടുക്കുക, മുസ്‌ലിംകളുടെ പോരായ്മകൾ മറച്ചുവെക്കുക, പ്രയാസമനുഭവിക്കുന്നവരോട് അനുകമ്പ കാണിക്കുക തുടങ്ങിയവയുടെ മഹത്വത്തെയാണ് ഈ ഹദീസ് വ്യക്തമാക്കുന്നത്.

ഇബ്നു ഉമർ(ﷺ) നബി(ﷺ)യിൽ നിന്ന് മർഫൂആയിക്കൊണ്ട് നിവേദനം ചെയ്യുന്നു. അല്ലാഹുവിന് ഏറ്റവും പ്രിയം ജനങ്ങൾക്ക് കൂടുതൽ ഉപകാരം ചെയ്യുന്നവരെയാണ്.അല്ലാഹുവിന് ഏറ്റവും പ്രിയമുള്ള കർമ്മം, ഒരു മുസ്‌ലിമിൽ സന്തോഷമുണ്ടാക്കുക, അല്ലെങ്കിൽ അവന്റെ പ്രയാസമകറ്റുക, അല്ലെങ്കിൽ അവന്റെ കടബാധ്യതയെ നിവൃത്തിച്ചു കൊടുക്കുക, അതുമല്ലെങ്കിൽ അവന്റെ വിശപ്പിന് പരിഹാരം കാണുക എന്നതാണ്. ഒരു മുസ്‌ലിം സഹോദരന്റെ ആവശ്യ നിവൃത്തിക്കായി അവനോടൊപ്പം നട

ക്കുന്നതാണ്, ഒരു മാസം പള്ളിയിൽ ഇഅ്തികാഫ് ഇരിക്കുന്നതിനേക്കാൾ എനിക്കിഷ്ടം. ദേഷ്യമൊതുക്കുന്നവന്റെ ന്യൂനതകൾ അല്ലാഹു ആളുകളിൽ നിന്ന് ഗോപ്യമാക്കി വെക്കുന്നതാണ്. കോപിക്കാൻ കഴിയുമായിരുന്നിട്ടും അതിനെ അടക്കിവെക്കുന്നവന്റെ ഹൃദയത്തിൽ അല്ലാഹു ഖിയാമത്തു നാളിനോടുള്ള തൃപ്തികൊണ്ട് നിറക്കും. ആരൊരാൾ തന്റെ സഹോദരന്റെ ആവശ്യങ്ങൾ പൂർത്തീകരിച്ചു കൊടുക്കാൻ അവനോടൊപ്പം ചെല്ലുകയും അങ്ങനെ ആ ആവശ്യങ്ങൾ സ്ഥാപിച്ചു കൊടുക്കുക്കയും ചെയ്യുന്നുവോ, അവന്റെ പാദത്തെ, കാലുകൾ അടിതെറ്റുന്ന നാളിൽ അല്ലാഹു ഉറപ്പിച്ചു നിർത്തുന്നതാണ്. ദുസ്സ്വഭാവം, സുർക്ക തേനിനെ ദുഷിപ്പിക്കും പ്രകാരം കർമ്മങ്ങളെ ദുഷിപ്പിക്കുന്നതാണ്. (ഇബ്നു അബിദ്ദുൻയ. അൽ അൽബാനി ഹസനായി പ്രഖ്യാപിച്ചത്)

നന്മകളിൽനിന്നൊന്നിനെപ്പോലും വിശ്വാസികൾ നിസ്സാരമായി ഗണിക്കാവതല്ല. ചെറുതൊ വലുതൊ ആകട്ടെ, ഏതൊരു പുണ്യത്തിനും അല്ലാഹുവിങ്കൽ അമൂല്യമായ പ്രതിഫലമാണുള്ളത്.

പ്രവാചക തിരുമേനി(ﷺ) അരുളി: നീ അല്ലാഹുവിനെ സൂക്ഷിക്കുക. നിന്റെ തോൽപാത്രത്തിൽ നിന്ന് ആവശ്യക്കാരന് അല്പം വെള്ളമൊഴിച്ച് കൊടുക്കുന്നതോ, നിന്റെ സഹോദരനെ മുഖപ്രസന്നതയോടെ അഭിമുഖീകരിക്കുന്നതോ എന്തുമാകട്ടെ, ഒരു നന്മയേയും നീ നിസ്സാരമായിക്കാണരുത്. (ത്വയാലസി, ഇബ്നു ഹിബ്ബാൻ. അൽ അൽബാനി സ്വഹീഹായി പ്രഖ്യാപിച്ചത്)

നബി തിരുമേനി(ﷺ) മറ്റൊരിക്കൽ പറഞ്ഞു: ഹേ, മുസ്ലിം വനിതകളേ, ഒരു അയൽവാസിനിയും തന്റെ അയൽവാസിനിയെ അവഗണിക്കാതിരിക്കട്ടെ. ആട്ടിൻ കുളമ്പിന്റെ കറിയാണെങ്കിലും(അത് നൽകിക്കൊണ്ടെങ്കിലും അവളെ പരിഗണിക്കുക) (മുത്തഫഖുൻ അലൈഹി)

സഹജീവികൾക്കായി നമ്മിൽ നിന്നുണ്ടാകുന്ന ഏതൊരു നന്മയും അല്ലാഹുവിന്റെ പൊരുത്തവും അനുഗ്രഹവും നേടിത്തരുന്നതാണ് എന്നത്രെ ഈ ഹദീസുകൾ നൽകുന്ന പാഠം. മാത്രമല്ല, വലിയ വലിയ നന്മകളെപ്പോലും പ്രതിഫലത്തിൽ കവച്ചു വെക്കുന്ന നിസ്സാര നന്മകളുണ്ടെന്ന വിവരം നബിതിരുമേനി(ﷺ) നമുക്ക് നൽകിയിട്ടുണ്ട്.

അവിടുന്ന് പറഞ്ഞു: ലക്ഷം ദിർഹമുകളെ ഒരു ദീനാർ മുൻകടന്നിരിക്കുന്നു: രണ്ട് ദിർഹമുകൾ മാത്രം കൈവശമുള്ള ഒരാൾ അതിൽ നിന്നും ഒരു ദീനാറെടുത്ത് സ്വദഖ നൽകുന്നു. അതിസമ്പന്നനായ മറ്റൊരാൾ

തന്റെ ധനത്തിൽ നിന്നും ഒരുലക്ഷം മാത്രമെടുത്ത് സ്വദഖ നൽകുന്നു. (നസാഈ, അഹ്മദ്. അൽ അൽബാനി ഹസനായി പ്രഖ്യാപിച്ചത്)

ദുനിയാവിൽ സമസൃഷ്ടികൾക്ക് നന്മകൾ ചെയ്തുകൊണ്ട് നില കൊള്ളുന്ന സത്യവിശ്വാസികൾ പരലോകത്ത് സ്വർഗത്തിലായിരിക്കുമെന്ന് പ്രമാണങ്ങൾ നമ്മെ പഠിപ്പിക്കുകയാണ്. നബി(ﷺ)യുടെ തിരുമൊഴി ശ്രദ്ധിക്കുക: കാരുണ്യ പ്രവർത്തനങ്ങൾ ഉപദ്രവങ്ങൾ, ആപത്തുകൾ, നാശനഷ്ടങ്ങൾ തുടങ്ങിയവയുടെ ആഘാതങ്ങളിൽ നിന്ന് സുരക്ഷ നൽകുന്നതാണ്. ദുനിയാവിലെ കാരുണ്യപ്രവർത്തകന്മാർ പരലോകത്തിലും കാരുണ്യ പ്രവർത്തകന്മാർ തന്നെ. (ഹാകിം. അൽ അൽബാനി സ്വഹീഹായി പ്രഖ്യാപിച്ചത്)

സത്യവിശ്വാസിയുടെ ജീവിതത്തിൽ പ്രാവർത്തികമാക്കാവുന്ന സൽവൃത്തികളും സേവന പ്രവർത്തനങ്ങളും അനവധിയുണ്ട്. അവയിൽ ചിലതിനെപ്പറ്റി, പ്രവാചക ഹദീസുകളിലൂടെ വ്യക്തമാക്കുകയാണ് താഴെ.

### 1. സ്വദഖയും കുടുംബ ബന്ധം ചേർക്കലും

നബി തിരുമേനി(ﷺ) അരുളി: കാരുണ്യ പ്രവർത്തനങ്ങൾ ഉപദ്രവങ്ങളിൽ നിന്ന് സുരക്ഷ നൽകും. രഹസ്യമായി നൽകുന്ന സ്വദഖ റബ്ബിന്റെ കോപത്തെ കെടുത്തും. കുടുംബ ബന്ധം ചേർക്കുന്നത് ആയുസ്സിൽ വർദ്ധനവുണ്ടാക്കും. (ത്വബ്റാനി. അൽ അൽബാനി ഹസനായി പ്രഖ്യാപിച്ചത്)

### 2. വിധവാ-അഗതീ സംരംക്ഷണം

നബി തിരുമേനി(ﷺ) അരുളി: വിധവകളുടേയും അഗതികളുടേയും സേവനത്തിനിറങ്ങിയവൻ അല്ലാഹുവിന്റെ മാർഗത്തിലെ മുജാഹിദിനെപ്പോലെയാണ്. അല്ലെങ്കിൽ, രാത്രി നിന്ന് നമസ്കരിക്കുന്ന, പകൽ നോമ്പനുഷ്ഠിക്കുന്ന ഭക്തനെപ്പോലെ. (മുത്തഫഖുൻ അലൈഹി)

### 3. വഴിയിൽ നിന്നും ഉപദ്രവങ്ങൾ നീക്കം ചെയ്യൽ

നബി തിരുമേനി(ﷺ) അരുളി: സഞ്ചാരവേളയിൽ മാർഗമധ്യേ കാണുന്ന മുള്ള് മാറ്റിയിടുന്നവനോട് അല്ലാഹു കൃതജ്ഞത കാണിക്കും. അവന്റെ പാപങ്ങൾ പൊറുത്തു കൊടുക്കുകയും ചെയ്യും. (മുത്തഫഖുൻ അലൈഹി)

നബി തിരുമേനി(ﷺ) അരുളി: നീ വഴിയിൽ നിന്നും ഉപദ്രവങ്ങൾ നീക്കുക; അത് നിന്റേതായ സ്വദഖയാണ്. (ബുഖാരി അദബുൽ മുഫ്റദിൽ രേഖപ്പെടുത്തിയത്. അൽ അൽബാനി സ്വഹീഹായി പ്രഖ്യാപിച്ചത്)

**4. പാനജലം നൽകൽ**

നബി തിരുമേനി(ﷺ) അരുളി: പാനജലം നൽകലാണ് ഏറ്റവും ശ്രേഷ്ഠമായ സ്വദഖ. (അഹ്മദ്, അബൂ ദാവൂദ്, നസാഈ. അൽ അൽബാനി ഹസനായി പ്രഖ്യാപിച്ചത്)

**5. കടബാധ്യത നിറവേറ്റിക്കൊടുക്കലും ഭക്ഷണം നൽകലും**

നബി തിരുമേനി(ﷺ) അരുളി: ഏറ്റവും നല്ല കർമ്മം നിന്റെ സഹോദരന്റടുത്തേക്ക് സന്തോഷവുമായി കടന്നു ചെല്ലുന്നതാണ്. അല്ലെങ്കിൽ അവന്റെ കടബാധ്യത തീർത്തുകൊടുക്കുക, അതുമല്ലെങ്കിൽ അവന്റെ വിശപ്പടക്കാൻ ഭക്ഷണം നൽകുക. (ഇബ്നു അബിദ്ദുൻയാ. അൽ അൽബാനി ഹസനായി പ്രഖ്യാപിച്ചത്)

**6. വിഷമഘട്ടങ്ങളിലും ദരിദ്രാവസ്ഥകളിലും സഹോദരങ്ങൾക്ക് ആശ്വാസം പകരൽ.**

നബി തിരുമേനി(ﷺ) അരുളി: അശ്അരിയ്യാക്കൾ യുദ്ധവേളയിൽ വിഭവക്കുറവു വന്നാൽ, അല്ലെങ്കിൽ മദീനയിലെ കുടുംബക്കാരിൽ ഭക്ഷണദൗർബല്യം സംഭവിച്ചാൽ തങ്ങളുടെ കൈവശമുള്ള സാധനങ്ങൾ ഒരു തുണിയിൽ ശേഖരിക്കും. എന്നിട്ട് അവർക്കിടയിൽ ഓരോ പാത്രങ്ങളിൽ സമമായി വീതിച്ചു നൽകും. ഞാൻ അവരിൽപ്പെട്ടവനാണ്. അവർ എന്നിൽപ്പെട്ടവരും. (മുത്തഫഖുൻ അലൈഹി)

**7. നല്ല ശുപാർശ**

അല്ലാഹു സുബ്ഹാനഹു വതആല പറഞ്ഞു:

مَّن يَشْفَعْ شَفَاعَةً حَسَنَةً يَكُن لَّهُ نَصِيبٌ مِّنْهَا ... (سورة النساء : 85)

വല്ലവനും ഒരു നല്ല ശുപാർശ ചെയ്താൽ ആ നന്മയിൽ ഒരു പങ്ക് അവന്നുണ്ടായിരിക്കും. (നിസാഅ്: 85)

നബി തിരുമേനി(ﷺ) അരുളി: നിങ്ങൾ (നല്ലകാര്യങ്ങളിൽ) ശുപാർശ ചെയ്യുക, നിങ്ങൾക്ക് പ്രതിഫലം ലഭിക്കുന്നതാണ്. (മുത്തഫഖുൻ അലൈഹി)

**8. വ്യക്തിബന്ധങ്ങൾ നന്നാക്കിത്തീർക്കുക**

... فَاتَّقُواْ اللَّهَ وَأَصْلِحُواْ ذَاتَ بِيْنِكُمْ وَأَطِيعُواْ اللَّهَ وَرَسُولَهُ إِن كُنتُم مُّؤْمِنِينَ (الأنفال:1)

അല്ലാഹുവെ സൂക്ഷിക്കുകയും നിങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ നന്നാക്കിത്തീർക്കുകയും ചെയ്യുക. നിങ്ങൾ വിശ്വാസികളാണെങ്കിൽ അല്ലാഹുവെയും റസൂലിനെയും നിങ്ങൾ അനുസരിക്കുകയും ചെയ്യുക. (അൻഫാൽ:1)

നബി തിരുമേനി(ﷺ) അരുളി: നോമ്പ്, നമസ്കാരം, ദാനധർമ്മം എന്നിവയുടെ പദവിയേക്കാൾ ഉത്തമമായ ഒരു കാര്യം നിങ്ങൾക്കു ഞാൻ പറഞ്ഞു തരട്ടെയോ? വ്യക്തിബന്ധങ്ങൾ നന്നാക്കിത്തീർക്കുക എന്നതാണത്. വ്യക്തിബന്ധങ്ങളിലെ തകർച്ച സർവ്വനാശകാരിയാണ്. (അഹ്മദ്, അബൂദാവൂദ്, തിർമുദി. അൽ അൽബാനി സ്വഹീഹായി പ്രഖ്യാപിച്ചത്)

**9. അനാഥ സംരക്ഷണം**

നബി തിരുമേനി(ﷺ) തന്റെ ചൂണ്ടുവിരലിനേയും മധ്യവിരലിനേയും ഉയർത്തിക്കാണിച്ച് കൊണ്ട് പറഞ്ഞു: ഞാനും അനാഥയെ സംരക്ഷിക്കുന്നവനും സ്വർഗത്തിൽ ഇപ്രകാരമായിരിക്കും. (ബുഖാരി)

നബി തിരുമേനി(ﷺ) അരുളി: ആരാണോ തന്റെ ഭക്ഷണ പാനീയങ്ങളിൽ, രണ്ട് മുസ്ലിംകളോടൊപ്പം ഒരു അനാഥയെക്കൂടി -അവൻ സ്വയം പ്രാപ്തിയാകുവോളം -പങ്ക് ചേർക്കുന്നത്, അവന്ന് സ്വർഗം നിർബന്ധമായിത്തീർന്നിരിക്കുന്നു. (അബൂ യഅ്ല, ത്വബ്റാനി. അൽ അൽബാനി ഹസനായി പ്രഖ്യാപിച്ചത്)

**10. കടം നൽകൽ**

നബി തിരുമേനി(ﷺ) അരുളി: കടം നൽകൽ സ്വദഖയാണ്. (ത്വബ്റാനി, ബൈഹഖി. അൽ അൽബാനി ഹസനായി പ്രഖ്യാപിച്ചത്)

**11. ആദിത്യമരുളൽ**

നബി തിരുമേനി(ﷺ) അരുളി: ആർ അല്ലാഹുവിലും അന്ത്യദിനത്തിലും വി ശ്വസിക്കുന്നുവൊ, അവൻ തന്റെ അതിഥിയെ ആദരിക്കട്ടെ. ഒരു രാവും പ കലും നൽകുന്ന സൽകാരം തന്നിൽ നിന്നുള്ള സമ്മാനമാണ്. ആദിത്യ പ രിഗണന മൂന്ന് ദിവസവും. അത് കഴിഞ്ഞും നൽകുന്ന സൽകാരം സ്വദഖ യുമാണ്. (മുത്തഫഖുൻ അലൈഹി)

### 12. ഫലദായക വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കൽ

നബി തിരുമേനി(ﷺ) അരുളി: ഒരു മുസ്‌ലിം വൃക്ഷം നടുകയൊ, കൃഷിയി റക്കുകയൊ ചെയ്യുകയും അങ്ങനെ അതിൽ നിന്ന് വല്ല പക്ഷിയൊ, മനു ഷ്യനൊ ഭക്ഷിക്കുകയും ചെയ്യുകയാണെങ്കിൽ, അത് അവനിൽ നിന്നുള്ള സ്വദഖയായിത്തീരുന്നതാണ്. (മുത്തഫഖുൻ അലൈഹി)

### 13. ഉടുവസ്ത്രം നൽകൽ

നബി തിരുമേനി(ﷺ) അരുളി: ഏറ്റവും ശ്രേഷ്ഠമായ കർമ്മങ്ങൾ ഇവയാ ണ്: ഒരു മുഅ്മിനിന്ന് സന്തോഷമേകുക, അവന്ന് നഗ്നത മറക്കാൻ നീ വ സ്ത്രം നൽകുക, അവന്റെ വിശപ്പകറ്റാൻ നീ ഭക്ഷണമേകുക, അവന്റെ ഒ രാവശ്യം നിവൃത്തിച്ചു കൊടുക്കുക. (ത്വബ്റാനി അൽ ഔസത്വിൽ രേഖ പ്പെടുത്തിയത്. അൽ അൽബാനി ഹസനുൻ ലി ഗൈരിഹി എന്ന് പ്രഖ്യാ പിച്ചത്)

ഇത്രയും വായിച്ചതിൽ നിന്നും സഹജീവികളോട് കാണിക്കേണ്ട വിവിധ നന്മകളെപ്പറ്റിയും,അവമുഖേന കൈവരുന്ന പ്രതിഫലത്തെപ്പറ്റിയും നാം മനസ്സിലാക്കി. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ സാമ്പ ത്തിക ഭദ്രത സിദ്ധിച്ചിട്ടും അതിൽ നിന്ന് അല്പം പോലും ആത്മാർത്ഥത യോടെ സേവനമാർഗത്തിൽ ചെലവഴിക്കാത്ത പിശുക്കൻമാരെ നമ്മുടെ ചുറ്റുഭാഗത്തും കാണാനാകും. നിലവിലുള്ള സാമ്പത്തിക സുസ്ഥിതി ത ങ്ങളുടെ അറിവിന്റേയും അധ്വാനത്തിന്റേയും ഫലമായി കൈവന്നതാണെ ന്ന അഹന്തയാണ് അത്തരക്കാരുടേത്. മഹാനായ മൂസാ നബി(ﷺ)യുടെ കാലത്തുണ്ടായിരുന്ന ഖാറൂൻ ഈ വിഭാഗം ആളുകളുകൾക്കുള്ള ഉദാഹര ണമാണ്. മഹാസമ്പന്നനായിരുന്ന ഖാറൂൻ തന്റെ ധനത്തിൽനിന്ന് യാതൊ ന്നും ദൈവമാർഗത്തിലൊ, സാധുജന സേവനത്തിനൊ നൽകാൻ തയ്യാറാ യിരുന്നില്ല. എന്നു മാത്രമല്ല, തന്റെ അറിവും കഴിവുമുപയോഗിച്ച് നേടിയ താണ് കൈവശമുള്ള സമ്പത്തെന്നും, അതിൽ യാതൊരാൾക്കും അവകാ

ശമില്ലെന്നും അഹങ്കാരത്തോടെ പ്രഖ്യാപിക്കുകയും ചെയ്തു. ഖാറൂനിന്റെ ചരിത്രം വിശുദ്ധ ഖുർആൻ വിവരിക്കുന്നത് കാണുക:

إِنَّ قارُونَ كَانَ مِن قَوْمِ مُوسَى فَبَغَى عَلَيْهِمْ وَآتَيْنَاهُ مِنَ الْكُنُوزِ مَا إِنَّ مَفَاتِحَهُ لَتَنُوءُ بِالْعُصْبَةِ أُولِي الْقُوَّةِ إِذْ قَالَ لَهُ قَوْمُهُ لَا تَفْرَحْ إِنَّ اللَّهَ لَا يُحِبُّ الْفَرِحِينَ * وَابْتَغِ فِيمَا آتَاكَ اللَّهُ الدَّارَ الْآخِرَةَ وَلَا تَنسَ نَصِيبَكَ مِنَ الدُّنْيَا وَأَحْسِن كَمَا أَحْسَنَ اللَّهُ إِلَيْكَ وَلَا تَبْغِ الْفَسَادَ فِي الْأَرْضِ إِنَّ اللَّهَ لَا يُحِبُّ الْمُفْسِدِينَ * قَالَ إِنَّمَا أُوتِيتُهُ عَلَى عِلْمٍ عِندِي أَوَلَمْ يَعْلَمْ أَنَّ اللَّهَ قَدْ أَهْلَكَ مِن قَبْلِهِ مِنَ الْقُرُونِ مَنْ هُوَ أَشَدُّ مِنْهُ قُوَّةً وَأَكْثَرُ جَمْعًا وَلَا يُسْأَلُ عَن ذُنُوبِهِمُ الْمُجْرِمُونَ * فَخَرَجَ عَلَى قَوْمِهِ فِي زِينَتِهِ قَالَ الَّذِينَ يُرِيدُونَ الْحَيَاةَ الدُّنيَا يَا لَيْتَ لَنَا مِثْلَ مَا أُوتِيَ قَارُونُ إِنَّهُ لَذُو حَظٍّ عَظِيمٍ * وَقَالَ الَّذِينَ أُوتُوا الْعِلْمَ وَيْلَكُمْ ثَوَابُ اللَّهِ خَيْرٌ لِّمَنْ آمَنَ وَعَمِلَ صَالِحًا وَلَا يُلَقَّاهَا إِلَّا الصَّابِرُونَ * فَخَسَفْنَا بِهِ وَبِدَارِهِ الْأَرْضَ فَمَا كَانَ لَهُ مِن فِئَةٍ يَنصُرُونَهُ مِن دُونِ اللَّهِ وَمَا كَانَ مِنَ الْمُنتَصِرِينَ * (القصص:)

തീർച്ചയായും ഖാറൂൻ മൂസായുടെ ജനതയിൽ പെട്ടവനായിരുന്നു. എന്നിട്ട് അവൻ അവരുടെ നേരെ അതിക്രമം കാണിച്ചു. തന്റെ ഖജനാവുകൾ ശക്തൻമാരായ ഒരു സംഘത്തിനു പോലും ഭാരമാകാൻ തക്കവണ്ണമുള്ള നിക്ഷേപങ്ങൾ നാം അവന് നൽകിയിരുന്നു. അവനോട് അവന്റെ ജനത ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമത്രെ:) നീ പുളകം കൊള്ളേണ്ട. പുളകം കൊള്ളുന്നവരെ അല്ലാഹു തീർച്ചയായും ഇഷ്ടപ്പെടുകയില്ല.*അല്ലാഹു നിനക്ക് നൽകിയിട്ടുള്ളതിലൂടെ നീ പരലോക വിജയം തേടുക. ഐഹിക ജീവിതത്തിൽ നിന്ന് നിനക്കുള്ള ഓഹരി നീ വിസ്മരിക്കുകയും വേണ്ട. അല്ലാഹു നിനക്ക് നൻമ ചെയ്തത് പോലെ നീയും നൻമചെയ്യുക. നീ നാട്ടിൽ കുഴപ്പത്തിന് മുതിരരുത്. കുഴപ്പമുണ്ടാക്കുന്നവരെ അല്ലാഹു

തീർച്ചയായും ഇഷ്ടപ്പെടുന്നതല്ല. * ഖാറൂൻ പറഞ്ഞു: എന്റെ കൈവശമു ള്ള വിദ്യകൊണ്ട് മാത്രമാണ് എനിക്കിതു ലഭിച്ചത്. എന്നാൽ അവന്നു മു മ്പ് അവനേക്കാൾ കടുത്ത ശക്തിയുള്ളവരും, കൂടുതൽ സംഘബലമുള്ള വരുമായിരുന്ന തലമുറകളെ അല്ലാഹു നശിപ്പിച്ചിട്ടുണ്ടെന്ന് അവൻ മനസ്സി ലാക്കിയിട്ടില്ലേ? തങ്ങളുടെ പാപങ്ങളെ പറ്റി കുറ്റവാളികളോട് അന്വേഷിക്ക പ്പെടുന്നതല്ല * അങ്ങനെ അവൻ ജനമദ്ധ്യത്തിലേക്ക് ആർഭാടത്തോടെ ഇറ ങ്ങി പുറപ്പെട്ടു. ഐഹികജീവിതം ലക്ഷ്യമാക്കുന്നവർ അത് കണ്ടിട്ട് ഇപ്ര കാരം പറഞ്ഞു: ഖാറൂന് ലഭിച്ചത് പോലുള്ളത് ഞങ്ങൾക്കുമുണ്ടായിരുന്നെ ങ്കിൽ എത്ര നന്നായിരുന്നേനെ. തീർച്ചയായും അവൻ വലിയ ഭാഗ്യമുള്ള വൻ തന്നെ! * ജ്ഞാനം നൽകപ്പെട്ടിട്ടുള്ളവർ പറഞ്ഞു:നിങ്ങൾക്ക് നാശം! വിശ്വസിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളവർക്ക് അല്ലാഹുവിന്റെ പ്രതിഫലമാണ് കൂടുതൽ ഉത്തമം. ക്ഷമാശീലമുള്ളവർക്ക ല്ലാതെ അത് നൽകപ്പെടുകയില്ല. * അങ്ങനെ അവനെയും അവന്റെ ഭവന ത്തേയും നാം ഭൂമിയിൽ ആഴ്ത്തികളഞ്ഞു. അപ്പോൾ അല്ലാഹുവിന് പുറ മെ തന്നെ സഹായിക്കുന്ന ഒരു കക്ഷിയും അവന്നുണ്ടായില്ല. അവൻ സ്വ യം രക്ഷിക്കുന്നവരുടെ കൂട്ടത്തിലുമായില്ല. (ഖസസ്: 76 - 81)

പരോപകാരമനസ്ഥിതി ഒരു മുവഹിദിന്റെ എപ്പോഴത്തേയും സ്വഭാ വഗുണമായിരിക്കണം. അതില്ലാതെ വരുമ്പോൾ അല്ലാഹുവിന്റെ ശിക്ഷക്ക് വിധേയനാകേണ്ടിവരും. പിശുക്ക് കാണിച്ച് പിടിച്ചു വെക്കുന്ന ധനം തന്നി ൽ നിന്നും എടുത്ത് മാറ്റി, അഗതികളോടും, അശരണരോടും ദയാവായ്പു ള്ള ആളുകളെ അല്ലാഹു ഏൽപിച്ചു കൊടുത്തേക്കും.

നബി തിരുമേനി(ﷺ) അരുളി: അല്ലാഹു അവന്റെ അനുഗ്രഹത്തെ ഒരു സമൂഹത്തിൽ സ്ഥിരപ്പെടുത്തിക്കൊണ്ടിരിക്കും; അവർ മുസ്ലിംകളു ടെ ആവശ്യങ്ങൾ നിർവഹിച്ച് കൊണ്ട്, അവരോട് മടുപ്പില്ലാതെ ജീവിക്കു വോളം. അവർക്ക് അവരോട് മടുപ്പ് വന്ന് കഴിഞ്ഞാൽ ആ അനുഗ്രഹ ത്തെ മറ്റുള്ളവരിലേക്ക് എടുത്തു മാറ്റും. (ത്വബ്റാനി. അൽ അൽബാനി ഹസനുൻ ലി ഗൈരിഹി എന്ന് പ്രഖ്യാപിച്ചത്)

നബിതിരുമേനി(ﷺ)അരുളി: മനുഷ്യരുടെ ഉപകാരങ്ങൾക്കു വേണ്ടി പ്രത്യേകം ജീവിതാനുഗ്രഹങ്ങൾ നൽകപ്പെട്ട ചിലയാളുകൾ അല്ലാഹുവി നുണ്ട്. ആ അനുഗ്രഹങ്ങളിൽ നിന്ന് അവർ ചെലവഴിച്ചു കൊണ്ടിരിക്കു വോളം അല്ലാഹു അവരിൽ അതിനെ നിലനിർത്തിക്കൊണ്ടിരിക്കുന്നതാണ്

അവരതിനെ ആളുകൾക്ക് നൽകാതെ തടഞ്ഞു വെക്കുകയാണെങ്കിൽ അല്ലാഹു അവരിൽ നിന്നും അതിനെ മറ്റുള്ളവരിലേക്ക് എടുത്തുമാറ്റുന്നതാണ്. (ഇബ്നു അബിദ്ദുൻയാ. അൽ അൽബാനി ഹസനുൻ ലി ഗൈരിഹി എന്ന് പ്രഖ്യാപിച്ചത്)

ജനസേവനത്തിൽ മുമ്പൻമാരിയിരുന്നു സച്ചരിതരായ സലഫുകൾ. അവരുടെ ജീവിതത്തിൽ നിന്ന് പഠിക്കാൻ ഒരുപാടുണ്ട്.

അമീറുൽ മുഅ്മിനീൻ ഉമർ ബ്ൻ അൽ ഖത്താബ്(ﷺ) വിധവകളെ സംരക്ഷിക്കുന്ന കാര്യത്തിൽ അതീവ ശ്രദ്ധചെലുത്തിയിരുന്ന മഹാനായിരുന്നു. രാത്രികാലങ്ങളിൽ അദ്ദേഹം അവർക്ക് കുടിവെള്ളം എത്തിച്ചു കൊടുക്കാറുണ്ടായിരുന്നുവെന്ന് ചരിത്രം രേഖപ്പെടുത്തുന്നു.

ഒരു രാത്രി ഉമർ(ﷺ) ഒരു സ്ത്രീയുടെ വീട്ടിലേക്ക് കയറിച്ചെല്ലുന്നത് ത്വൽഹ(ﷺ) കാണുകയുണ്ടായി. പിറ്റേന്ന് പകലിൽ ത്വൽഹ(ﷺ) ആ വീട്ടിലേക്ക് കടന്നു ചെന്നു. അവിടെ അന്ധയും അവശയുമായ ഒരു വൃദ്ധ മാത്രമാണുണ്ടായിരുന്നത്. അദ്ദേഹം ചോദിച്ചു: ഇന്നലെ വന്ന മനുഷ്യന്ന് നിങ്ങളുടെ അടുക്കൽ എന്തായിരുന്നു ജോലി? അവർ പറഞ്ഞു: എത്രയോ നാളുകളായി എനിക്ക് സേവനം ചെയ്തുകൊണ്ടിരിക്കുകയാണയാൾ. എനിക്കാവശ്യമുള്ള സാധനങ്ങളുമായി എന്നും അയാൾ എന്റെ അരികിൽ വരും. എന്നിൽ നിന്ന് എല്ലാ മാലിന്യങ്ങളേയും എടുത്തു കളയുന്നതും അയാൾ തന്നെയാണ്. അതു കേട്ടമാത്രയിൽ ത്വൽഹ(ﷺ) പറഞ്ഞു: ഹേ, ത്വൽഹാ! നിനക്ക് കഷ്ടം!! ഉമറിന്റെ ന്യൂനതകൾ കണ്ടെത്താനായിരുന്നൊ നിന്റെ ശ്രമം?!

മുജാഹിദ്(ﷺ) പറയുകയാണ്: യാത്രാവേളകളിൽ ഇബ്നു ഉമറി(ﷺ)ന് സേവനം ചെയ്യാൻ വേണ്ടി അദ്ദേഹത്തോടൊപ്പം ഞാനും പോകുമായിരുന്നു. പക്ഷെ, അദ്ദേഹം എനിക്കായിരുന്നു സേവനങ്ങൾ ചെയ്തിരുന്നത്.

അബൂ ഖില്ലാബ(ﷺ)യുടെ അടുക്കൽ കുറച്ചാളുകൾ വന്ന് കൊണ്ട്, അവരുടെ കൂട്ടത്തിലെ നല്ലവനായ ഒരു വ്യക്തിയെക്കുറിച്ച് പുകഴ്ത്തിപ്പറയാൻ തുടങ്ങി. അവർ പറഞ്ഞു: ആ മനുഷ്യനെപ്പോലെ ഉത്തമനായ മറ്റൊരാളേയും ഞങ്ങളിതുവരെ കണ്ടിട്ടില്ല. ഏത് യാത്രയിലാണെങ്കിലും ശരി അയാൾ ഖുർആൻ പാരായണത്തിലായിരിക്കും. യാത്രയിൽ എവിടെ വിശ്രമിക്കാനിറങ്ങിയാലും അദ്ദേഹം നമസ്കരിച്ചു കൊണ്ടിരിക്കും. അപ്പോൾ

അബൂ കില്ലാബ(ﷺ) ചോദിച്ചു: അങ്ങനെയെങ്കിൽ അദ്ദേഹത്തിനാവശ്യമായ കാര്യങ്ങൾ ചെയ്ത് കൊടുക്കുന്നത് ആരാണ്? അദ്ദേഹത്തിന്റെ യാത്രാ വാഹനമായ ഒട്ടകത്തിന് തീറ്റ നൽകുന്നതും ആരാണ്? അവർ പറഞ്ഞു: അതെല്ലാം ചെയ്യുന്നത് ഞങ്ങളാണ്. അദ്ദേഹം പറഞ്ഞു: എങ്കിൽ അയാളേക്കാൾ ഉത്തമന്മാർ നിങ്ങളാണ്.